LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ഓരോ കൊല്ലവും നീക്കിവയ്ക്കുന്ന തുകക്ക് വിധേയമായി മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളു. ഐ. സി. എം. ആറിൽനിന്ന് ധനസഹായം കിട്ടിയിരുന്നതുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്ന കാലത്ത് ഇതിനുവേണ്ടി തുക മാറ്റി വയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഈ. ബാലാനന്ദൻ : ഈ പ്രോജക്റ്റ്കൊണ്ട് ഈ നാടിന് വമ്പിച്ച പ്രയോജനമുണ്ടാകുമെന്നുള്ളതിനെ പരിഗണിച്ച് ഒരു ലക്ഷംരൂപ നഷ്ടം സഹിച്ചാണെങ്കിലും ഇതു നിറുത്താതിരിക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പരിശ്രമിക്കുന്നതാണ്.

ശ്രീ. ഒ. കോരൻ : ഈ റിസർച്ച് സെന്ററിന് പ്രത്യേകം ആനുകൂല്യം നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പ്രത്യേകിച്ച് ആനുകൂല്യം ഗവൺമെൻറ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

(ii) Written Answers

പാഠപുസ്തകങ്ങളും ഗൈഡുകളും

* 898. [1265] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദേശസാൽകൃതപാഠപുസ്തകങ്ങൾക്കും, അംഗീകൃതപാഠപുസ്തകങ്ങൾക്കും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതിനെ ആന്ധ്രാഗവൺമെൻറ് നിരോധിച്ചിരിക്കുന്നതായി വന്ന വാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഒരു നിരോധനം ഇവിടെയും നൽകുവാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)

(എ) ഔദ്യോഗികമായി വിവരമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാഠപുസ്തകങ്ങൾ

* 899. [1266] ശ്രീ. പി. വി. ദക്ഷിണാമൂർത്തി :

ശ്രീ. സി. ഗോവിന്ദപ്പണിക്കർ :

ശ്രീ. പി. പി. കൃഷ്ണൻ :

ശ്രീ. ടി. കെ. രാമകൃഷ്ണൻ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ;

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ സ്റ്റേറ്റിലെ പ്രൈമറി, സെക്കണ്ടറി വിദ്യാലയങ്ങളിലെ പാഠപുസ്തകത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;